## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 123** | **10-06-2024 - ൽ മറുപടിയ്ക്ക്**

## അവയവദാനങ്ങൾ സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവ കൈമാറ്റം സജീവമാണെന്ന കണ്ടെത്തലുകളെ തുടർന്ന് അവയവദാനം സംബന്ധിച്ച് അന്വേഷിക്കുവാൻ ക്രൈംബ്രാഞ്ച് പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സംഘത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | നിയമപ്രകാരമല്ലാത്ത അവയവദാനത്തെക്കുറിച്ച് അന്വേഷിക്കുവാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-യെ ചുമത ലപ്പെടുത്തിയിരുന്നു. അവയവ ദാതാക്കൾ, സ്വീകർത്താക്കൾ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എജന്റുമാർ എന്നിവർ ഉൾപ്പടെ നിരവധി പേരെ നേരിൽ കണ്ട് അന്വേഷണം നടത്തുകയുണ്ടായി. CDR ഉൾപ്പെടെ ശേഖരിച്ച് നടത്തിയ അന്വേഷണത്തിൽ ചില അവയവമാറ്റ ശസ്ത്രക്രിയകളിൽ അവയവദാതാക്കളുടേയും സ്വീകർത്താക്കളുടേയും ഏജന്റുമാരായി പ്രവർത്തിച്ചവർ നിയമവിരുദ്ധമായി പണമിടപാട് നടത്തിയതായി വെളിവായി. എന്നാൽ അവയവ കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് വ്യക്തികളുടെ അറിവോ സമ്മതമോ കൂടാതെ അവയവ കൈമാറ്റങ്ങൾക്ക വിധേയരാക്കി ചൂഷണം ചെയ്തതായോ, നിർബന്ധിതമായോ, ഭീഷണിപ്പെടുത്തിയോ അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക വിധേയരാക്കപ്പെട്ടിട്ടുള്ളതായോ (Forced removal of organs) വെളിവായിട്ടില്ല. |
| (ബി) | സാമ്പത്തികക്ലേശം അനുഭവിക്കുന്നവരെ കണ്ടെത്തി അവയവ കൈമാറ്റത്തിലേർപ്പെടുത്തുകയും തുച്ഛമായ തുക നൽകി വഞ്ചിക്കുന്നതുമായ പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | സാമ്പത്തികക്ലേശം അനുഭവിക്കുന്നവരെ കണ്ടെത്തി അവയവ കൈമാറ്റത്തിൽ ഏർപ്പെടുത്തുകയും തുച്ഛമായ തുക നൽകി വഞ്ചിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഇത്തരം റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി റാക്കറ്റുകളുടെ പ്രവർത്തനം തടയുന്നതിന് ഇന്ത്യൻ ശിക്ഷാ നിയമം, Transplantation of Human and Tissues Act എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് |

| | | | |
|---|---|---|---|
| | | | കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. അനധികൃത റാക്കറ്റുകളുടെ പ്രവർത്തനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണവും മുന്നറിയിപ്പും പോലീസിന്റെ സാമൂഹ്യമാധ്യമങ്ങൾ വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ